# ................................ ഗ്രാമപഞ്ചായത്ത്

# കമ്മ്യൂണിറ്റിഹാൾ ബൈല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പിലെ ഒന്നാം ഉപവകുപ്പും 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലാകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിലെ മൂന്നാം ഉപചട്ട പ്രകാരം തയ്യാറാക്കിയ കരട് ബൈല ലെ -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് . ലെ .. നമ്പർ നോട്ടീസ് പ്രകാരം കരട് ബൈലയിൻമേൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കുന്നതിന് 30 ദിവസത്തെ സമയം നൽകി പ്രസിദ്ധീകരിക്കുകയും നിശ്ചിത 30 ദിവസത്തിനകം യാതൊരുവിധ ആക്ഷേപങ്ങളും ലഭിക്കാത്ത സാഹചര്യത്തിൽ ലെ നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ച കമ്മ്യണിറ്റി ഹാൾ ബൈല.

1. ഈ ബൈലയ്ക്ക് ................... ലെ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ ബൈല എന്ന പേര് പറയാം.

2. കമ്മ്യൂണിറ്റി ഹാൾ എന്നാൽ . ഗ്രാമപഞ്ചായത്ത് -ാം വാർഡിൽ . ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ എന്ന പേരിൽ അറിയപ്പെടുന്ന ഗ്രമപഞ്ചായത്തിന്റെ കെട്ടിടമാണ്.

3. ഈ ബൈല പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം ലഭിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

**നിർവചനങ്ങൾ**

(എ) "ദിവസം" എന്നാൽ രാവിലെ 6.00 മണി മുതൽ അടുത്ത ദിവസം രാവിലെ 6.00 മണി വരെയുള്ള 24 മണിക്കൂർ സമയം എന്നാകുന്നു.
(ബി) "ഗ്രാമപഞ്ചായത്ത്" എന്നാൽ .................... ഗ്രാമപഞ്ചായത്ത് ആകുന്നു.
(സി) "സെക്രട്ടറി" എന്നാൽ ................ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആകുന്നു.
(ഡി) "ഒരു പകൽ" എന്നാൽ രാവിലെ 6.00 മണി മുതൽ വൈകുന്നേരം 6.00 മണി വരെയാകുന്നു.

ഈ ബൈലയിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാക്രമം ആക്റ്റിൽ അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

4. കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ഈ ബൈലയിലെ വ്യവസ്ഥകൾക്ക് പുറമേ കേരള പഞ്ചായത്ത് രാജ് ആക്റ്റിലേയും അതിന് കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകളും, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ബാധകമായിരിക്കും.

5. പഞ്ചയത്ത് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വാടകയുടെ അടിസ്ഥാനത്തിൽ മാസവാടകയ്ക്കോ പ്രതിദിന വാടകയ്ക്കോ കമ്മ്യൂണിറ്റി ഹാൾ നൽകുന്നതാണ്.

6. താഴെ പറയുന്ന ആവശ്യങ്ങൾക്ക് മാത്രമേ കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകാവു. അതായത്.
(എ) സാമൂഹ്യ-സാംസ്കാരിക സംഘടകളുടെ സമ്മേളനങ്ങൾ കലാപരിപാടികൾ.
(ബി) അംഗീകൃത രാഷ്ട്രീയ സംഘടനകളുടെ പൊതുയോഗങ്ങൾ, ക്യാമ്പുകൾ.
(സി) പ്രധാന/വിശിഷ്ട വ്യക്തികൾക്ക് നൽകുന്ന അനുമോദനയോഗങ്ങൾ, ക്യാമ്പുകൾ
(ഡി) സർക്കാർ/ഡിപ്പാർട്ട്മെന്റ്/പഞ്ചായത്ത് ആഭിമുഖ്യത്തിലുള്ള പരിപാടികൾ
(ഇ) പഞ്ചായത്തിന് യുക്തമായി തോന്നുന്ന മറ്റു പരിപാടികൾ.

7. സർക്കാർ പരിപാടികളുടെ നടത്തിപ്പിനായി കമ്മ്യൂണിറ്റി ഹാൾ ആവശ്യമായി വരുന്ന പക്ഷം ബന്ധപ്പെട്ടവരിൽ നിന്ന് ഇതിനായി ലഭിക്കുന്ന അപേക്ഷ മുൻകൂർ വാടക, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ കൂടാതെ സ്വീകരിക്കേണ്ടതും വാടക ഈടാക്കാതെ നൽകേണ്ടതുമാണ്. എന്നാൽ ഏതെങ്കിലും തരത്തിലുള്ള നഷ്ടങ്ങൾ ഹാളിനോ വസ്തുവകകൾക്കോ വരുത്തുന്ന പക്ഷം ടി നഷ്ടം പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ മേൽ ചുമത്തി ഈടാക്കുന്നതിന് പഞ്ചായത്തിന് അധികാര മുണ്ടായിരിക്കും.

8. കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് ആവശ്യമുള്ള വ്യക്തി/സംഘടന പഞ്ചായത്ത് നിശ്ചയിക്കുന്ന തുകക്കുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റും വാടക തുകയും മുൻകൂർ അടച്ച് ആവശ്യമായ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് നിശ്ചിത ഫോറത്തിൽ ചുരുങ്ങിയത് 3 ദിവസം മുമ്പ് സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. 3 മാസം വരെയുള്ള മുൻകൂർ ബുക്കിംഗ് മാത്രമേ സ്വീകരിക്കുകയുള്ളു. ഒരേ സമയം ഒന്നിലധികം അപേക്ഷകൾ ലഭിക്കുകയാണെങ്കിൽ അപേക്ഷകൾ ലഭിക്കുന്ന മുൻഗണനാക്രമം പാലിച്ചായിരിക്കും വാടകയ്ക്ക് നൽകുന്നത്. എന്നാൽ അടിയന്തിരഘട്ടങ്ങളിൽ സർക്കാർ ഉത്തരവുകൾ ഉണ്ടാകുന്ന പക്ഷം മേൽ പറഞ്ഞ മുൻഗണനാക്രമം പാലിക്കുവാൻ പഞ്ചായത്തിൻ ബാധ്യത ഉണ്ടായിരിക്കുന്നതല്ല.

9. കമ്മ്യൂണിറ്റി ഹാളിലെ ചുമരുകളിലോ മതിലുകളിലോ പരസ്യങ്ങൾ ഒട്ടിച്ച് വികൃതമാക്കുവാൻ പാടില്ലാത്തതാണ്.

10. കമ്മ്യൂണിറ്റി ഹാൾ ഉപയോഗത്തിലിരിക്കുമ്പോൾ പഞ്ചായത്ത് സെക്രട്ടറിയോ, സെക്രട്ടറിചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ കമ്മ്യൂണിറ്റി ഹാളോ പരിസരമോ പരിശോധിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

11. ഭക്ഷണ അവശിഷ്ടങ്ങൾ, പാഴ് വസ്തുക്കൾ എന്നിവ ഹാളിലോ ഹാൾ പരിസരത്തോ നിക്ഷേപിക്കാൻ പാടില്ലാത്തതും പരിപാടി കഴിഞ്ഞാൽ ഹാൾ

വൃത്തിയാക്കി താക്കോൽ തിരികെ ഏൽപ്പിക്കുവാനും വാടകക്കാരൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.

12. പ്രകൃതിക്ഷോഭം, ലഹള, യുദ്ധം അഗ്നിബാധ തുടങ്ങി ഏതെങ്കിലും അടിയന്തിര സാഹചര്യത്താൽ ഹാൾ ഉപയോഗിക്കാൻ കഴിയാതെ വന്നാൽ മുൻകൂർ വാടകയും ഡെപ്പോസിറ്റും തിരികെ നൽകാൻ പഞ്ചായത്തിന് ബാധ്യത ഉണ്ടായിരിക്കുന്നതല്ല.
എന്നാൽ ബുക്കിംഗ് റദ്ദ് ചെയ്യുവാൻ അപേക്ഷിച്ചാൽ മുൻകൂർ വാടകയുടെ നാലിലൊരു ഭാഗം കിഴിച്ച് ബാക്കി തുക പഞ്ചായത്തിന്റെ അനുമതിയോടെ നൽകുവാൻ സെക്രട്ടറിയക്ക് അധികാരമുണ്ടായിരിക്കും.

13. മേൽ സൂചിപ്പിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി വാടക, ഡെപ്പോസിറ്റ് എന്നിവ ഒടുക്കി താക്കോൽ കൈപ്പറ്റുന്ന വ്യക്തികൾ പ്രോഗ്രാം കഴിഞ്ഞ് ഒരു മണിക്കൂറിനകം പഞ്ചായത്ത് ഓഫീസിൽ താക്കോൽ തിരിച്ച് ഏൽപ്പിക്കേണ്ടതാണ്. പരിശോധനയിൽ ഹാളിനോ ഹാളിലെ ഉപകരണങ്ങൾക്കോ കേട്പാടുകൾ ഉണ്ടായാൽ അതിന് വാടക ക്കാരൻ ഉത്തരവാദിയായിരിക്കും. തമൂലം വരുന്ന നഷ്ടങ്ങൾക്ക് ടിയന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയിൽ നിന്നും കേട്പാടുകൾ പരിഹരിക്കുന്നതിന് ആവശ്യമായ തുക ഈടാക്കുന്നതും തികയാതെ വരുന്ന സംഖ്യ കേരള പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരം നികുതി കുടിശ്ശിക ഈടാക്കുന്നതുപോലുള്ള നടപടി സ്വീകരിച്ച് ഈടാക്കുന്നതുമാണ്.

14. വാടക നിരക്ക് കാലാകാലങ്ങളിൽ ഗ്രാമപഞ്ചായത്ത് തീരുമാനിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ/തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിശ്ചയിച്ച് നൽകുന്നതും ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുന്നതുമായ തുക വാടകയായി ഈടാക്കുന്നതാണ്.

15. കമ്മ്യൂണിറ്റി ഹാൾ ഉപയോഗം കഴിഞ്ഞ് തൃപ്തികരമായ വിധത്തിൽ തിരികെ പഞ്ചയത്തിൽ ഏൽപ്പിക്കുന്ന മുറക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റ് മടക്കി നൽകുന്നതാണ്.

സെക്രട്ടറി

ഗ്രാമപഞ്ചായത്ത്